"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ്-അഴീക്കൽ തുറമുഖം - ISPS കോഡ് നിലനിർത്തുന്നതിന്റെ ഭാഗമായി Automatic Identification System (AIS ) സ്ഥാപിച്ചത് - പ്രവർത്തി സാധൂകരിച്ച് ഫണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.220/2024/F&P തീയതി,തിരുവനന്തപുരം, 03-05-2024

---

പരാമർശം:-

1 കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.02.2024 ലെ HOKMB-TVM/2022-D1(Tech) നമ്പർ നടപടി ഉത്തരവ്.

2 കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28/2/2024, 15/4/2024 എന്നീ തീയതികളിലെ HOKMB&TVM/3087/ 2022-D1 (Tech) നമ്പർ കത്തുകൾ

ഉത്തരവ്

അഴീക്കൽ തുറമുഖത്തിന് ലഭ്യമായ താത്കാലിക ISPS കോഡ് നിലനിർത്തുന്നതിലേക്ക് AIS സംവിധാനം സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടി സാധൂകരിച്ച് ടി പ്രവർത്തിക്ക് ചെലവായ 3,56,360/- രൂപയുടെ ഫണ്ട് "5051-02-200-83 Development of Azhikkal Port എന്ന ശീർഷകത്തിൽ തുറമുഖ ഓഫീസർ, കോഴിക്കോടിന് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശം (2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഴീക്കൽ തുറമുഖത്തിന് ലഭ്യമായ താത്കാലിക ISPS കോഡ് നിലനിർത്തുന്നതിലേക്ക് AIS സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി അനുവദിച്ച് ജനറൽ ഫണ്ടിൽ നിന്നും ഫണ്ട് അനുവദിച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം (1) ലെ നടപടി ഉത്തരവിന് സാധൂകരണം നൽകി ഉത്തരവാകുന്നു. ടി പ്രവർത്തിക്ക് ചെലവായ 3,56,360/-(മൂന്നു ലക്ഷത്തി അമ്പത്തിയാറായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ഫണ്ട് "5051-02-200-83 Development of Azhikkal Port എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിന് തുറമുഖ ഓഫീസർ, കോഴിക്കോടിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

സ.ഉ.(സാധാ) നം.220/2024/F&P

അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
Date: 04-05-2024 12:06:14
സെക്ഷൻ ഓഫീസർ